**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1809** **19-01-2021 - ല്‍ മറുപടിയ്ക്ക്**

**സമഗ്ര ഗതാഗതപരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈന്‍ തങ്ങള്‍ ,<br>ശ്രീ . ടി . എ . അഹമ്മദ് കബീര്‍ ,<br>ഡോ.എം.കെ . മുനീര്‍ ,<br>ശ്രീ എന്‍. എ. നെല്ലിക്കുന്ന് | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | വാഹനയാത്രക്കാരുടെയും കാല്‍നടയാത്രക്കാരുടെയും ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) | വാഹനയാത്രക്കാരുടെയും കാല്‍നടയാത്രക്കാരുടെയും ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് കേരളത്തില്‍ ഉള്ള ഒട്ടേറെ റോഡുകളില്‍ കഴിഞ്ഞ 3 വര്‍ഷത്തെ അപകടങ്ങളെക്കുറിച്ചും അപകടമരണങ്ങളും പരിശോധിച്ചതില്‍ 238 അതിതീവ്ര അപകടമേഖലകള്‍ കണ്ടെത്തിയിട്ടുണ്ട്. ഹ്രസ്വകാല നടപടിയായി Warning Signboard, Speed നിയന്ത്രണം clearing of bushes എന്നിവ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി യിട്ടുണ്ട്. ഇതല്ലാതെ 4 വരിപ്പാതയിലും നാഷണല്‍ ഹൈവേയിലും സംഭവിക്കുന്ന അപകടങ്ങളുടെ ലിസ്റ്റ് കേന്ദ്രസര്‍ക്കാരില്‍ സമര്‍പ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിഹാര നടപടികള്‍ MoRTH ന് കീഴിലുള്ള NHAI ആണ് സ്വീകരിക്കേണ്ടത്. |
| (ബി) | വാഹനാപകടങ്ങള്‍ വര്‍ദ്ധിച്ചുവരുന്നതിന്റെ കാരണങ്ങള്‍ ഗതാഗതവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. കാല്‍നടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കേരളത്തിലുടനീളം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളില്‍ സുരക്ഷിത മേഖലയായി പ്രഖ്യാപിച്ച് വേണ്ട നടപടികള്‍ സ്വീകരിച്ചു വരുന്നു. കാല്‍നടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി Table Top Pedestrian crossing, Automatic pedestrian signal (പെലിക്കണ്‍ സിഗ്നല്‍) എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് സമഗ്ര ഗതാഗതപരിഷ്കരണം നടപ്പാക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിര്‍ദ്ദേശത്തിന്‍മേല്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റ് & റൂള്‍സ് പ്രകാരം, അപകടഹേതുക്കളായ തടസ്സങ്ങള്‍ നീക്കുന്നതിന് വിവിധ സ്റ്റേക്ക് ഹോള്‍ഡിംഗ് വകുപ്പുകള്‍ക്കും തദ്ദേശ സ്വയഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾക്കും പൊതുവായി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ